# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 6489 11.07.2012 -ൽ മറുപടിയ്ക്ക്**

**<u>ഇടുക്കി ജില്ലയിൽ നടന്ന രാഷ്ട്രീയ കൊലപാതകങ്ങൾ</u>**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ കെ. കെ. ജയചന്ദ്രൻ | ശ്രീ തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ്മന്ത്രി) |
| എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഇടുക്കി ജില്ലയിൽ എത്ര രാഷ്ട്രീയ കൊലപാതകങ്ങൾ നടന്നിട്ടുണ്ട്; വിശദാംശം നൽകുമോ ; | (എ) ഒരു കൊലപാതകം നടന്നിട്ടുണ്ട്. SFI ഇടുക്കി ജില്ലാ വൈസ് പ്രസിഡന്റ് ശ്രീ അനീഷ് രാജാണ് കൊല്ലപ്പെട്ടത്. |
| ബി) അനീഷ് രാജന്റെ കൊലപാതകക്കേസിൽ ആകെ എത്ര പ്രതികളാണ് ഉണ്ടായിരുന്നത് ; ഏതെങ്കിലും പ്രതികളെ ഇനിയും അറസ്റ്റ് ചെയ്യാനുണ്ടോ ; എങ്കിൽ എന്തു കൊണ്ട് എന്ന് വ്യക്തമാക്കുമോ ? | (ബി) ഇതു സംബന്ധിച്ച് രജിസ്റ്റർ ചെയ്ത കേസിന്റെ എഫ്. ഐ. ആർ. പ്രകാരം ത്രപേഷ്, അഭിലാഷ് , സാജൻ, രാജേഷ്, സന്തോഷ് എന്നിവരും കണ്ടാലറിയാവുന്ന 4 പേരുമാണ് പ്രതികളായിട്ടുള്ളത്. അതിൽ ത്രപേഷ്, അഭിലാഷ് എന്നിവരെ അറസ്റ്റ് ചെയ്തിട്ടുണ്ട്. ബാക്കി പ്രതികൾ കൃത്യത്തിൽ ഉൾപ്പെട്ടിട്ടുള്ളതായി വെളിവാകാത്തതിനാൽ അറസ്റ്റ് ചെയ്തിട്ടില്ല. കണ്ടാലറിയാവുന്ന 4 പ്രതികളെ തിരിച്ചറിഞ്ഞിട്ടില്ല. പ്രസ്തുത കേസ് അന്വേഷണത്തിനായി ക്രൈംബ്രാഞ്ച് വിഭാഗത്തിന് കൈമാറിയിട്ടുള്ളതും എറണാകുളം CBCID HHW II കേസ് ഇപ്പോൾ അന്വേഷിച്ച് വരികയുമാണ്. |

സെക്ഷൻ ഓഫീസർ